പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6755 — 9.11.2016 -ൽ മറുപടിയ്ക്ക്

## ബേക്കൽ പാർക്ക്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്ക് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി വികസിപ്പിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ; ഈ പ്രവൃത്തി തുടങ്ങിയത് എന്നാണെന്നും ഇതുവരെ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ലെങ്കിൽ ആയതിനു കാരണവും വിശദമാക്കുമോ; | എ) | ഇല്ല. 26.12.2008-ലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായുള്ള എഗ്രിമെന്റ് പ്രകാരം ഈ പദ്ധതിയുടെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആരംഭിക്കുകയുണ്ടായി. എന്നാൽ ടി പദ്ധതിക്കായി CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ പൂർത്തീകരിച്ചിരുന്നില്ല. |
| ബി) | ഈ പാർക്കിന് സുനാമി ഫണ്ടല്ലാതെ മറ്റേതെങ്കിലും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ചെലവഴിക്കാനുണ്ടായ കാരണം വിശദമാക്കുമോ; | ബി) യും സി) യും | ഉണ്ട്. CRZ ക്ലിയറൻസ് ലഭിക്കാത്തതിനാൽ സുനാമി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പൂർത്തീകരിക്കാൻ കഴിയാതെ വന്നു. നാളിതുവരെയായി ഈ പാർക്കിന് സുനാമി ഫണ്ടിൽ നിന്നും 259 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ടി പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി 193 ലക്ഷം രൂപ ടൂറിസം വകുപ്പ് ബി.ആർ.ഡി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല എന്ന് ബി.ആർ.ഡി.സി അറിയിച്ചിട്ടുണ്ട്. ആയതിനാൽ വരുമാനമൊന്നും ടി പാർക്കിൽ നിന്നും ലഭ്യമായി തുടങ്ങിയിട്ടില്ല. |
| സി) | നാളിതുവരെയായി ഈ പാർക്കിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ബി.ആർ.ഡി.സി.ക്ക് വരുമാനമായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ